©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പന്ത്രണ്ടാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2006–2009)

## അഞ്ചാമത് റിപ്പോർട്ട്

(2008 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതിയുടെ ഒന്നാമത് (1992–94) റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച ശുപാർശകളിന്മേലുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
## (2006–2009)

അഞ്ചാമത് റിപ്പോർട്ട്

(2008 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതിയുടെ ഒന്നാമത് (1992–94) റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച ശുപാർശകളിന്മേലുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട്]

776/2008.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. രാജാജി മാത്യു തോമസ്

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

„ ബി. ഡി. ദേവസ്സി

„ എം. ഹംസ

„ റോഷി അഗസ്റ്റിൻ

„ വി. ഡി. സതീശൻ

„ എം. വി. ശ്രേയാംസ് കുമാർ

„ ടി. യു. കുരുവിള

„ എ. എം. യൂസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി

ശ്രീ. പി. ബി. ഉമ്മൻ, ജോയിന്റ് സെക്രട്ടറി

„ സി. ആർ. രഘുനാഥൻപിള്ള, ഡെപ്യൂട്ടി സെക്രട്ടറി

„ കെ. പത്മരാജു, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സമിതി (2006-2009) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച സമിതി (1992-94) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച ശുപാർശകളിന്മേലുള്ള ഈ റിപ്പോർട്ട് 2008 ജൂൺ മാസം 4-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

രാജാജി മാത്യു തോമസ്,

ചെയർമാൻ,

പരിസ്ഥിതി സംബന്ധിച്ച സമിതി.

തിരുവനന്തപുരം,

ജൂലൈ 21, 2008.

# ആമുഖം

നീർത്തടവികസനത്തിനും സംരക്ഷണത്തിനുമായി പല പദ്ധതികളും രൂപം കൊള്ളുന്ന ഒരു കാലഘട്ടമാണിത്. എന്നിരുന്നാലും ശരിയായ അവബോധമില്ലായ്മ കൊണ്ടും നിലവിലുള്ള നിയമങ്ങളുടെ അപര്യാപ്തതമൂലവും നമ്മുടെ തണ്ണീർത്തടങ്ങളെല്ലാം തന്നെ പലതരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുകയാണ്. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളായ ശുദ്ധജലതടാകങ്ങൾ ഖര, ദ്രവ, രാസമാലിന്യങ്ങൾ കലരുന്നതിനാലും ഇതര മാലിന്യങ്ങളുടെ സമ്പർക്കത്താലും ഗുരുതരമായ മലിനീകരണ വിപത്തിനെയാണ് ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (1992-94) അതിന്റെ ആദ്യ റിപ്പോർട്ടിൽ കേരളത്തിലെ ശുദ്ധജലസ്രോതസ്സുകൾ അഭിമുഖീകരിക്കുന്ന മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ചും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുമുള്ള പഠനമാണുൾക്കൊള്ളിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ കേരളത്തിലെ പ്രമുഖ കുടിവെള്ളസ്രോതസ്സായ ശാസ്താംകോട്ട കായലിനെ കുറിച്ചുള്ള ശുപാർശകളിന്മേൽ ബന്ധപ്പെട്ട വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരള സംസ്ഥാനത്തിന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നതിലും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിലും കേരളത്തിലെ കായലുകൾ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. നീർത്തടങ്ങളും കായലുകളും അരുവികളും നദികളും ചതുപ്പു നിലങ്ങളും ഉൾപ്പെടുന്ന തണ്ണീർതടങ്ങൾക്ക് ആവാസവ്യവസ്ഥയും പാരിസ്ഥിതിക സന്തുലിതാവസ്ഥയും നിലനിർത്തുന്നതിൽ കാര്യമായ പ്രാധാന്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് മഴയിലൂടെ ലഭിക്കുന്ന ജലത്തിന്റെ വലിയ പങ്കും നദികളിലൂടെയും നിർച്ചാലുകളിലൂടെയും ഒഴുകി കടലിലെത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ പാഴായിപ്പോകുന്ന ജലത്തെ നിയന്ത്രിക്കുന്ന പ്രകൃതിദത്തമായ ജലസംഭരണികളായി വർത്തിക്കുന്ന കായലുകളും തടാകങ്ങളും നദികളും ഭൂഗർഭജലവിതാനം നിലനിർത്തുന്നതിന് സഹായകമാണ്. ആയതിനാൽ കായലുകളേയും തടാകങ്ങളേയും സംരക്ഷിക്കേണ്ടത് പരിസ്ഥിതിയുടെ നിലനില്പിനു അത്യന്താപേക്ഷിതമാണ്.

2. ജലാശയങ്ങളും അവയോടനുബന്ധിച്ചുള്ള ആവാസവ്യവസ്ഥയും ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്ന പ്രധാന ഘടകങ്ങളാണ്. എന്നാൽ നമ്മുടെ ജലാശയങ്ങളിൽ ഉണ്ടാകുന്ന മലിനീകരണം വർത്തമാനകാലത്ത് ആപത്കരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. യുക്തിസഹമല്ലാത്ത വികസനനയങ്ങൾ, നഗരാസൂത്രണം, മാലിന്യനിർമ്മാർജ്ജനത്തിലെ അപര്യാപ്തതകൾ, ജനപ്പെരുപ്പം, വ്യവസായവൽക്കരണം എന്നിവ നമ്മുടെ ജലാശയങ്ങളെ വലിയൊരളവിൽ മലിനപ്പെടുത്തി കഴിഞ്ഞിരിക്കുകയാണ്. ഇത്തരത്തിലുള്ള ജലമലിനീകരണം തടയേണ്ടത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തു ന്നതിനും അത്യന്തം ആവശ്യമാണ്.

3. ജലാശയങ്ങളുടെ സംരക്ഷണം സമൂഹത്തിന്റെ ഏറ്റവും പ്രധാന ഉത്തരവാദിത്വമാണ് എന്ന് മനസ്സിലാക്കിയ ലോകജനത 1971-ൽ ആദ്യമായി നീർത്തടസംരക്ഷണത്തിനുവേണ്ടി ഗൗരവതരമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഇറാനിലെ റംസറിൽ നടത്തിയ കൺവൻഷനിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. തുടർന്ന്, 1989-ൽ നടന്ന ലോക തടാക സംരക്ഷണ സമ്മേളനത്തിൽവച്ച് ഇന്ത്യയിലെ 19 തടാകങ്ങൾ റംസർസൈറ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക, മണ്ണൊലിപ്പ് തടയുക, ഭക്ഷ്യശൃംഖല ക്രമപ്പെടുത്തുക, തീരദേശം സംരക്ഷിക്കുക, ഭൂഗർഭ ജലവിതാനം നിലനിർത്തുക, ജൈവവൈവിധ്യം പരിരക്ഷിക്കുക തുടങ്ങിയുള്ള പാരിസ്ഥിതിക ധർമ്മങ്ങൾ തണ്ണീർതടങ്ങൾക്ക് നിർവഹിക്കാനുണ്ട്. ഈ ആവാസവ്യവസ്ഥയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ചിലതരം സസ്തനിവർഗ്ഗത്തിൽപ്പെട്ട ജന്തുക്കൾ, പലതരം ഉരഗങ്ങൾ, സസ്യജാലങ്ങൾ എന്നിവ ഇന്ന് വംശനാശത്തിന്റെ ഭീഷണിയിലാണ്.

4. കേരള സംസ്ഥാനത്തെ ഏറ്റവും വലിയ ശുദ്ധജല സ്രോതസ്സായ ശാസ്താംകോട്ട തടാകം കൊല്ലം ജില്ലയുടെ ശുദ്ധജലസമ്പത്തിന്റെ കലവറയാണ്. 3.75 ചതുരശ്ര കിലോ മീറ്റർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഇതിന്റെ ആഴം ശരാശരി 6.7 മീറ്ററാണ്. വിശ്വാസ ങ്ങളിലും പ്രാദേശികാചാരാനുഷ്ടാനങ്ങളിലും ഏറെ പ്രധാനപ്പെട്ട സ്ഥാനമുള്ള പ്രസ്തുത തണ്ണീർത്തടം വ്യത്യസ്ഥമായ ആവാസവ്യവസ്ഥകൊണ്ടും സാമ്പത്തിക പ്രാധാന്യംകൊണ്ടും പ്രത്യേകം ശ്രദ്ധേയമാണ്.

5. കേരളത്തിലെ പ്രധാനപ്പെട്ട ശുദ്ധജല തടാകങ്ങളാണ് ശാസ്താംകോട്ട കായൽ, പൂക്കോട് തടാകം, വെള്ളായണി കായൽ എന്നിവ. 1992 ജൂലൈ മാസം 27-ന് രൂപീകൃതമായ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (1992-94), അതിന്റെ ഒന്നാമത് റിപ്പോർട്ടിൽ കേരളത്തിന്റെ പ്രകൃതി സൗന്ദര്യത്തിന് മാറ്റുകൂട്ടുകയും ശുദ്ധജലവിതരണത്തിന് ജലസ്രോതസ്സുകളായി വർത്തിക്കുകയും ചെയ്യുന്ന കേരളത്തിലെ പ്രമുഖ ശുദ്ധജല തടാകങ്ങളെക്കുറിച്ചുള്ള പഠനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വെള്ളായണിക്കായൽ, ശാസ്താംകോട്ടക്കായൽ, പൂക്കോട് തടാകം എന്നീ ശുദ്ധജല സ്രോതസ്സുകളെ സംബന്ധിച്ചുള്ള സമിതിയുടെ റിപ്പോർട്ട് 1993 ഫെബ്രുവരി 2-ാം തീയതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ 12 മുതൽ 16 വരെയുള്ള ഖണ്ഡികകളിൽ ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ നാശത്തിനുകാരണമാകുന്ന വിവിധ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് ശുദ്ധജല തടാകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചുമുള്ള 12 ശുപാർശകൾ ഉൾപ്പെടുത്തിയിരുന്നു. അത്യന്തം ഗൗരവതരമായ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി 14 വർഷം കഴിഞ്ഞിട്ടും സമിതി നിർദ്ദേശിച്ച ശുപാർശകളിന്മേൽ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും പ്രസ്തുത ജല സ്രോതസ്സിന്റെ മലിനീകരണം വീണ്ടും പരാതിക്ക് കാരണമാകുകയും ചെയ്യുക എന്ന സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത്.

6. <u>പ്രസ്തുത ശുപാർശകൾ ചുവടെ ചേർക്കുന്നു</u>

(1) മണ്ണൊലിപ്പു തടയുന്നതിനായി വനനശീകരണം കർശനമായി നിരോധിക്കുകയും ഇതിനകം വനങ്ങൾ വെട്ടിനശിപ്പിച്ച സ്ഥലത്ത് അവിടുത്തെ മണ്ണിന് അനുയോജ്യമായതും സ്വാഭാവിക വനത്തിന്റെ സ്വഭാവം കൈവരിക്കത്തക്കതുമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും കായലിനോടടുത്ത സ്ഥലങ്ങളിൽ ഈറ, കൈത, മുള തുടങ്ങിയവ വച്ചുപിടിപ്പിച്ച് ഗ്രീൻ ബെൽറ്റുണ്ടാക്കുകയും വേണം.

(2) കായലിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും കായലോരങ്ങളിൽ മണ്ണിളക്കിയുള്ള കൃഷി കർശനമായി നിരോധിക്കുകയും വേണം.

(3) ഭൂമി ശാസ്ത്രീയമായി ഉപയോഗിക്കേണ്ടതിനെ സംബന്ധിച്ച് ജനങ്ങളെ ബോധവാൻമാരാക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

(4) കായലോരങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് കുളങ്ങൾ, കക്കൂസുകൾ ഇവ അടിയന്തിരമായി നിർമ്മിച്ചുകൊടുക്കുകയും മാലിന്യങ്ങൾ കായലിലേക്കൊഴുക്കി വിടുന്നതും കായലോരങ്ങൾ മലിനമാക്കുന്നതും പൂർണ്ണമായി തടയുകയും വേണം.

(5) ക്യാച്ച്മെന്റ് ഏരിയായിൽ കന്നുകാലികളെ മേയ്ക്കുക, കായലിൽ കന്നുകാലികളെ കുളിപ്പിക്കുക, വാഹനങ്ങൾ കഴുകുക, ഓല ചീയിക്കുക തുടങ്ങി കായൽ മലിനമാക്കുന്ന എല്ലാ പ്രവൃത്തികളും കർശനമായി നിരോധിക്കണം.



(6) സമീപപ്രദേശങ്ങളിലെ വീടുകൾ, ക്ഷേത്രങ്ങൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്നും മാലിന്യങ്ങൾ കായലിലേക്കൊഴുക്കി വിടുന്നത് ഫലപ്രദമായി തടയുകയും മാലിന്യങ്ങൾ ഒഴുക്കുന്നതിനും ഡിസ്പോസ് ചെയ്യുന്നതിനും അഴുക്കുചാലുകൾ, കുഴികൾ ഇവ നിർമ്മിച്ചു കൊടുക്കുകയും വേണം.

(7) പമ്പിംഗ് ഹൗസിലെ മലിനജലം കായലിലേക്കൊഴുക്കി വിടാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം.

(8) കായലിനുചുറ്റും കോണ്ടൂർ ബണ്ടിംഗ് ഇട്ടും ആവശ്യമുള്ള സ്ഥലങ്ങളിൽ കൽഭിത്തി കെട്ടിയും കായൽ സംരക്ഷിക്കണം. മഴവെള്ളമാണ് തടാകത്തിൽ സംഭരിക്കുന്നതെന്ന വസ്തുത പരിഗണിച്ച് മൺസൂൺ കാലങ്ങളിൽ കൂടുതൽ വെള്ളം സംഭരിക്കത്തക്ക വിധത്തിൽ തടാകത്തിന്റെ ആഴം കൂട്ടുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഇത് സാദ്ധ്യമാക്കുന്നതിനെ സംബന്ധിച്ച് ഒരു വിദഗ്ധ സമിതിയുടെ അഭിപ്രായം ആരായേണ്ടതാണ്.

(9) ചിൽഡ്രൻസ് പാർക്കിൽ അനാഥപ്രേതങ്ങൾ മറവു ചെയ്യാൻ അനുവദിക്കാതിരിക്കുകയും പഞ്ചായത്തിൽ അടിയന്തരമായി ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുകയും വേണം.

(10) ക്യാച്ച്മെന്റ് ഏരിയ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുകയും ഇവിടെ നിലവിലുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും മേലിൽ കയ്യേറ്റമുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

(11) ശാസ്താംകോട്ടക്കായലിനെ സംരക്ഷിക്കുന്നതിനായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ കൂടിച്ചേർന്ന് സമഗ്രമായ ഒരു പ്രോജക്ട് ഉണ്ടാക്കുകയും അതനുസരിച്ച് ആക്ഷൻപ്ലാൻ തയ്യാറാക്കി, ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്തവിധത്തിലും നിലനിൽക്കത്തക്ക രീതിയിലും, കായലിനെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഇക്കാര്യത്തിൽ സാങ്കേതിക വിദഗ്ധൻമാരുടെ അഭിപ്രായം ആരായേണ്ടതാണ്.

(12) കായലിന്റെ സംരക്ഷണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനും റിപ്പോർട്ടിന്റെ 11-ാം ഖണ്ഡികയിലെ 7, 8, 9, 10 ശുപാർശകൾ ആവർത്തിക്കുന്നു.

7. <u>പ്രസ്തുത ശുപാർശകൾ താഴെപ്പറയുന്നവയാണ്.</u>

(7) ശുദ്ധജല തടാകങ്ങളുടെ ഭരണപരമായ നിയന്ത്രണം (Administrative Control) ഇറിഗേഷൻ വകുപ്പിനായിരിക്കണം.

(8) ഇതിനുപുറമെ ഓരോ തടാകത്തിന്റെയും സംരക്ഷണ വികസന പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നതിന് ജില്ലാകളക്ടറും (ചെയർമാൻ)

ഇറിഗേഷൻ, ഫിഷറീസ്, കൃഷി, വനം, തദ്ദേശസ്വയംഭരണം, വാട്ടർ അതോറിറ്റി, ഡി.ആർ.ഡി.എ. തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ ജില്ലാ മേധാവികളും തടാകം സ്ഥിതിചെയ്യുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളും അടങ്ങുന്ന ഒരു സംവിധാനം ഉണ്ടാക്കണം. ഗവൺമെന്റിൽ നിന്നും കിട്ടുന്നതിനു പുറമെ മറ്റു മേഖലകളിൽനിന്നും ധനാഗമമാർഗ്ഗങ്ങളും സഹായങ്ങളും കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ സംവിധാനത്തിന് അധികാരം ഉണ്ടായിരിക്കണം.

(9) ഇപ്പോൾ ഈ രംഗത്ത് വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പരസ്പരധാരണയോടുകൂടിയല്ല എന്ന് കമ്മിറ്റി കരുതുന്നു. അതുകൊണ്ട് ഭാവിയിൽ ശുദ്ധജലതടാകങ്ങളുടെ എല്ലാ സംരക്ഷണ വികസന പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ സംവിധാനത്തിന്റെ കീഴിൽ ഏകോപിപ്പിച്ചു നടത്തേണ്ടതാണ്.

(10) ശുദ്ധജല തടാകങ്ങളുടെ സംരക്ഷണ വികസനപ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് കാണുകയാണെങ്കിൽ ആവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കണം.

8. പ്രസ്തുത ശുപാർശകളിന്മേൽ വനം-വന്യജീവി, കൃഷി, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

9. വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു;

ശുപാർശ/നിർദ്ദേശം

(i) മണ്ണൊലിപ്പു തടയുന്നതിനായി വനനശീകരണം കർശനമായി നിരോധിക്കുകയും ഇതിനകം വനങ്ങൾ വെട്ടി നശിപ്പിച്ച സ്ഥലത്ത് അവിടത്തെ മണ്ണിനു അനുയോജ്യമായതും സ്വാഭാവിക വനത്തിന്റെ സ്വഭാവം കൈവരിക്കത്തക്കതുമായ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും, കായലിനോടടുത്ത സ്ഥലങ്ങളിൽ ഈറ, കൈത, മുള തുടങ്ങിയവ വച്ചു പിടിപ്പിച്ച് ഗ്രീൻ ബെൽറ്റു ഉണ്ടാക്കുകയും വേണം.

10. സ്വീകരിച്ച നടപടി

ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിനായി വിശദമായ ഒരു പഠനം നടത്തി കെ. എഫ്. ആർ. ഐ.യുടെ സഹായത്തോടെ വനം വകുപ്പു തയ്യാറാക്കിയ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കു അയച്ചു കൊടുത്തിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

11. പ്രസ്തുത റിപ്പോർട്ട് 4-12-2002-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സംരക്ഷണത്തിനായി വനം വകുപ്പ് തയ്യാറാക്കിയ പ്രോജക്ടിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചുവോ എന്നും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ആരായുന്നതിന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത അധികവിവരം ആരാഞ്ഞതിന് ലഭിച്ച മറുപടി താഴെപറയും പ്രകാരമാണ്.



12. സമിതി ആവശ്യപ്പെട്ട അധിക വിവരത്തിനുള്ള മറുപടി

കെ. എഫ്. ആർ. ഐ.യുടെ സഹായത്തോടെ വനം വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. സി. ഡബ്ല്യു. ആർ. ഡി. എം. മുഖേന കേന്ദ്ര സർക്കാർ ധനസഹായം നൽകുന്ന പരിപാടിയാണ് വനം വകുപ്പ് ഇപ്പോൾ നടപ്പാക്കിവരുന്നത്. ഈ പരിപാടി അനുസരിച്ച് അഗ്രോ ഫോറസ്ട്രിക്കായി 6.5 ലക്ഷം രൂപ സി. ഡബ്ല്യു. ആർ. ഡി. എം. മുഖാന്തിരം 26-2-2006-ൽ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് സർവ്വേ പ്രവർത്തനങ്ങൾ നടത്തുകയും ശാസ്താംകോട്ട തടാകത്തിന്റെ നീർമറി പ്രദേശത്ത് നടുന്നതിനായി ഒരു ലക്ഷം വൃക്ഷത്തൈകളും 25000 മുളംതൈകളും ഉല്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

13. കൃഷിവകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുംപ്രകാരമാണ്

ശാസ്താംകോട്ടകായൽ നികത്തുന്നത് തടയുന്നതിനായി കായലിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണു നീക്കം ചെയ്യുന്നപക്ഷം കായൽതിട്ട ഇടിഞ്ഞു പോകാനും കായലിലെ ജലനിരപ്പ് താഴ്ന്നുപോകാനും ഇടയുണ്ട്. അതിനാൽ ഇക്കാര്യത്തിൽ ജിയോളജിക്കൽ വകുപ്പിന്റെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. കായലോരങ്ങളിലെ മണ്ണിളക്കിയുള്ള കൃഷി നിരുത്സാഹപ്പെടുത്തിയാൽ ഒരു പരിധിവരെ കായൽ നികരുന്നത് തടയാൻ കഴിയും. അതിനാൽ ഇതിനുവേണ്ട നിർദ്ദേശങ്ങൾ പരിസരവാസികൾക്ക് ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥർ നൽകുന്നുണ്ട്.

14. ശാസ്താംകോട്ട ശുദ്ധജല തടാകവുമായി ബന്ധപ്പെട്ട മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് വീണ്ടും നിരവധി പരാതികൾ ലഭിക്കുകയുണ്ടായി.

15. പ്രസ്തുത പരാതികളിൽ നിന്നും ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സംരക്ഷണത്തിന് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ പ്രവർത്തനങ്ങൾ തൃപ്തികരമായിരുന്നില്ലെന്ന് തുടർന്നു ലഭിച്ച പരാതികളിൽ നിന്നും സമിതിക്ക് ബോധ്യമായി.

16. തടാകത്തിന്റെ മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് ലഭിച്ച പരാതികളിൽ പരാമർശിച്ചിട്ടുള്ള പ്രധാന വിഷയങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

(1) വനനശീകരണം, മണ്ണൊലിപ്പ് എന്നിവമൂലം എത്തിച്ചേരുന്ന മണ്ണ് തടാകത്തിന്റെ ആഴം കുറയുന്നതിനിടയാക്കുന്നതിനാൽ അതിന്റെ ജലസംഭരണ ശേഷി കുറഞ്ഞുവരുന്നു.

(2) ഏഴുലക്ഷത്തിൽപരം ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ തടാകത്തിൽ ഡിറ്റർജന്റുകൾ കലങ്ങിയുണ്ടാകുന്ന മലിനീകരണം, കോളിഫോം ബാക്ടീരിയുടെ ആധിക്യം മുതലായവമൂലം ജലം കൂടുതൽ വിഷലിപ്തമാവുന്നു.

(3) സമീപപ്രദേശങ്ങളിലെ പുഞ്ചപ്പാടങ്ങളിൽ നടന്നുവരുന്ന ചെളിമണൽ ഖനനവും, കല്ലടയാറ്റിലെ മണൽചൂഷണവും തടാകത്തിലെ ജലം വിപരീത ദിശയിൽ ഒഴുകുന്നതിന് കാരണമാകുന്നു.

(4) സമീപപ്രദേശങ്ങളിൽ മണലെടുപ്പുമൂലം രൂപം കൊണ്ടിട്ടുള്ള അഗാധമായ വെള്ളക്കെട്ടുകൾ തടാകത്തിന്റെ നിലനില്പിന് തന്നെ ഭീഷണിയുയർത്തുന്നു.

(5) ശാസ്താംകോട്ട ശുദ്ധജലതടാകത്തിന് ഭീഷണിയുയർത്തിക്കൊണ്ട് സമീപ പുഞ്ച നിലങ്ങളായിരുന്ന പടിഞ്ഞാറെകല്ലട, ചേലൂർ നിലങ്ങളിലെ ചെളി, മണൽഖനനവും സമീപത്തെ കുന്നിടിക്കലും ഇപ്പോഴും തുടർന്നുവരുന്നു.

(6) ദിവസവും 450 മുതൽ 500 വരെ ലോഡ് മണൽ ഇവിടെനിന്നും ഖനനം ചെയ്തെടുത്തു കടത്തുന്നതിനാൽ 60 മുതൽ 100 അടിവരെ ആഴമുള്ള വൻഗർത്തങ്ങൾ ഈ ഭാഗങ്ങളിൽ രൂപപ്പെട്ടിരിക്കുന്നു. ഈ ഗർത്തങ്ങളിലെ വെള്ളക്കെട്ടുകളിൽ വീണ് വളരെയധികംപേർ ഇതിനകം മരണമടഞ്ഞിട്ടുണ്ട്.

(7) തടാകത്തിനു സമീപമുള്ള പ്രദേശങ്ങളിലെ മണൽ, ചെളി, ചെങ്കൽ എന്നിവയുടെ ഖനനത്തിലൂടെ രൂപംകൊണ്ടിരിക്കുന്ന ഗർത്തങ്ങളുടെയും വെള്ളക്കെട്ടുകളുടെയും ഫലമായി വലിയൊരു വെള്ളപ്പാച്ചിലിൽ പടിഞ്ഞാറെ കല്ലടയും ശാസ്താംകോട്ട തടാകവുമെല്ലാം അഷ്ടമുടിക്കായലിൽ മുങ്ങിപ്പോകാനിടയുണ്ട്.

17. ഈ സാഹചര്യത്തിൽ വസ്തുതകൾ വിലയിരുത്തുന്നതിനായി 13-2-2007-ൽ സമിതി ശാസ്താംകോട്ട തടാകവും സമീപപ്രദേശങ്ങളും സന്ദർശിക്കുകയും പൊതുജനങ്ങളിൽ നിന്നും സന്നദ്ധസംഘടനാ പ്രതിനിധികളിൽ നിന്നും തടാകം നേരിടുന്ന പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് പരാതികൾ സ്വീകരിക്കുകയും അത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിൽ നിന്ന് സമിതിക്ക് മനസ്സിലായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

18. ശാസ്താംകോട്ട ശുദ്ധജലതടാകത്തിനു സമീപത്തുണ്ടായിരുന്ന പുഞ്ചപ്പാടങ്ങൾ മണൽ ഖനനംമൂലം അഗാധഗർത്തങ്ങളായി തീർന്നിരിക്കുന്നതിനാൽ തടാകത്തിൽനിന്ന് ഈ ഗർത്തങ്ങളിലേക്ക് വൻതോതിൽ നീർവാർച്ച നടക്കുന്നു. മാത്രമല്ല, തടാകത്തിനു ചുറ്റുപാടുമുണ്ടായിരുന്ന കുന്നുകൾ ഇടിച്ചു നിരത്തിയിരിക്കുന്നതിനാൽ അവിടെ നിന്നുമുണ്ടായിരുന്ന നീരൊഴുക്കും ഗണ്യമായി കുറഞ്ഞിരിക്കുന്നു.

19. തടാകത്തിൽ ദിവസേന അയ്യായിരത്തിലധികം ആളുകൾ കുളിക്കുകയും തുണിയലക്കുകയും ചെയ്യുകയും തടാകതീരത്ത് അധിവസിക്കുന്ന ജനങ്ങളുടെ വിസർജ്ജ്യങ്ങൾ തടാകത്തിൽ കലരുകയും ചെയ്യുന്നതിനാൽ തടാകം നാൾക്കുനാൾ കൂടുതൽ മലിനമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ അടുത്ത പ്രദേശമായ പടിഞ്ഞാറെ കല്ലടയിലെ മണൽഖനനം ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതിന് ഇടയാക്കുന്നുമുണ്ട്.

20. കായൽതീരങ്ങളിലെ അനധികൃത കയ്യേറ്റവും ജലമലിനീകരണവും നിയന്ത്രിക്കുന്നതിന് നിയമം ഉണ്ടെങ്കിലും അതു പാലിക്കപ്പെടുന്നില്ല. ബന്ധപ്പെട്ട വിവിധവകുപ്പുകളുടെ ഏകോപനമില്ലാതെയുള്ള പ്രവർത്തനം കായൽ സംരക്ഷണപ്രവർത്തനങ്ങളെ നിഷ്ഫലമാക്കുന്നു.

21. പടിഞ്ഞാറെ കല്ലടയിൽ മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളിലാണ് വ്യാപകമായി മണൽഖനനം നടത്തിവരുന്നത്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ അറുപത്തിനാലു റെയ്ഡുകൾ നടത്തുകയും മണൽ കടത്തുന്ന വണ്ടിയുടെ ഉടമസ്ഥരുടെ പേരിൽ എട്ടോളം കേസുകൾ എടുക്കുകയും ചെയ്തതായി ബന്ധപ്പെട്ട അധികൃതർ അറിയിക്കുന്നുവെങ്കിലും പ്രശ്നത്തിന്റെ വ്യാപ്തിയുമായി തട്ടിച്ചാൽ ഇത് തീർത്തും ഫലശൂന്യമാണ്. മണൽ



വ്യാപാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മാഫിയകളുടെ ഭീഷണിയെ നേരിട്ട് മണൽ ഖനനം പൂർണ്ണമായി നിയന്ത്രിക്കുന്നതിന് വിപുലമായ ഉദ്യോഗസ്ഥ-പോലീസ് സന്നാഹം ആവശ്യമാണ്.

22. മണൽ കടത്ത്, മണൽഖനനം എന്നിവ നിയന്ത്രിക്കുന്നതിൽ പോലീസിന് വളരെയധികം പരിമിതികളുള്ളതിനാൽ റിവർ പ്രൊട്ടക്ഷൻ ആക്ട്, ലാന്റ് യൂട്ടിലൈസേഷൻ ആക്ട് എന്നിവയനുസരിച്ച് റവന്യൂ അധികാരികൾക്കാണ് കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നത്. ഇതിനായി റവന്യൂ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയും ഒപ്പം ആവശ്യമുള്ളത്ര പോലീസിന്റെ സേവനം ലഭ്യമാക്കുകയും ഏകോപിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുമാണ് വേണ്ടത്.

23. കൊല്ലം ജില്ലയിലെ എല്ലാ താലൂക്കുകളിലും മണൽ ഖനനം സംബന്ധിച്ച പ്രശ്നങ്ങൾ നിലവിലുള്ളതിനാൽ പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയതുകൊണ്ടുമാത്രം കാര്യമില്ല. പൂർണ്ണമായ നിയന്ത്രണം ഇക്കാര്യത്തിൽ കൈവരിക്കണമെങ്കിൽ റവന്യൂ വകുപ്പും പോലീസ് വകുപ്പും ഒത്തുചേർന്നു കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നിയമവിരുദ്ധമായി നടക്കുന്ന മണൽഖനനപ്രവർത്തനങ്ങൾ കണ്ടുപിടിച്ച് കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

24. ശാസ്താംകോട്ട കുടിവെള്ള ശുദ്ധീകരണശാലയിൽ നിന്നുള്ള പാഴ്ജലം തടാകത്തിലേക്ക് തന്നെയാണ് ഇപ്പോഴും ഒഴുക്കി വിടുന്നത്. ജലശുചീകരണത്തിന് ഫിൽട്ടറേഷനും ക്ലോറിനേഷനും മാത്രമേ ഇവിടെ നടത്തുന്നുള്ളൂ. പ്ലാന്റിൽ നിന്നുള്ള പാഴ്ജലം റീസൈക്കിൾ ചെയ്തു പ്ലാന്റിലേക്കുതന്നെ തിരിച്ചു വിടുന്നതിനായി പതിനഞ്ചു ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ജലശുദ്ധീകരണശാലയിൽ നിന്ന് പുറത്തുവിടുന്ന ജലത്തിൽ ഇരുമ്പിന്റെ അംശം കൂടുതലാണ്.

25. വളഞ്ഞ വരമ്പ്, കാക്കത്തോപ്പ്, കനത്താർകുന്ന്, കയ്യാലക്കുഴി തുടങ്ങിയ പ്രദേശങ്ങളിൽ ചെളിയും മണലും എടുത്തതുമൂലം ഏക്കറുക്കണക്കിന് സ്ഥലം വെള്ളക്കെട്ടുകളായി തീർന്നിരിക്കുകയാണ്. കാർഷിക മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടതിനാൽ തൊഴിലാളികൾ ഇഷ്ടിക നിർമ്മാണം, മണലൂറ്റ് തുടങ്ങിയ മേഖലകളിലേക്ക് കുടിയേറിയതും മേല്പറഞ്ഞ പാരിസ്ഥിതിക വ്യതിയാനത്തിന് കാരണമായിത്തീർന്നിട്ടുണ്ട്. ഈ വെള്ളക്കെട്ടുകൾക്ക് ശാസ്താംകോട്ട ശുദ്ധജലതടാകത്തേക്കാൾ താഴ്ചയുള്ളതിനാൽ നീർവാർച്ചയിലൂടെ തടാകത്തിലെ ജലം പ്രസ്തുത വെള്ളക്കെട്ടുകളിലേക്ക് പ്രവഹിക്കുന്നതിനും തന്മൂലം തടാകത്തിലെ ജലനിരപ്പ് താഴുന്നതിനും ഇടയായിത്തീരുന്നു.

26. സമിതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ശുദ്ധജല തടാകങ്ങളുടെ സംരക്ഷണത്തിൽ എന്തുമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്നതു സംബന്ധിച്ച് ബന്ധപെട്ട വകുപ്പു മേധാവികളുമായും ജില്ലാതല ഉദ്യോഗസ്ഥന്മാരുമായും 24-10-2007-ന് സമിതി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതിക്ക് താഴെപ്പറയുന്ന വസ്തുതകൾ ബോദ്ധ്യമായി.

27. തടാകത്തിന്റെ സമീപപ്രദേശങ്ങളിലുള്ള 750-ഓളം കുടുംബങ്ങൾക്ക് മാത്രമേ സാനിട്ടേഷൻ സൗകര്യം ലഭ്യമായിട്ടുള്ളൂ എന്നും ശേഷിക്കുന്ന കുടുംബങ്ങൾക്ക് പ്രസ്തുത സൗകര്യം എത്രയുംവേഗം ലഭ്യമായാലേ സാനിട്ടേഷൻ സൗകര്യങ്ങളുടെ അപര്യാപ്തത മൂലമുണ്ടാകുന്ന കായൽ മലിനീകരണത്തിന് പരിഹാരമാവുകയുള്ളൂവെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

28. ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സമീപപഞ്ചായത്തുകളിലെ വീടുകളിലേയും പൊതുസ്ഥാപനങ്ങളിലേയും മാർക്കറ്റുകളിലേയും ഖരമാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റ് ഗവൺമെന്റിന്റെയും ക്ലീൻകേരളമിഷന്റേയും സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി സ്ഥാപിക്കുന്നത് ഈ തടാകത്തിന്റെ പരിശുദ്ധി നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി.

29. തടാകത്തിൽ മണ്ണുംചെളിയും വൻതോതിൽ വന്നടിയുന്നതുമൂലം അതിന്റെ ആഴം കുറഞ്ഞ് ജലസംഭരണശേഷിയെ പ്രതികൂലമായി ബാധിക്കുന്നത് തടയാനായി തടാകത്തിന്റെ വശങ്ങളിലുള്ള വെള്ളം വലിച്ചെടുക്കുന്ന അക്കേഷ്യാ മരങ്ങൾ വെട്ടിമാറ്റി പകരം ഈറ, കൈത തുടങ്ങിയവ 50 അടി വീതിയിലെങ്കിലും വച്ചുപിടിപ്പിച്ച് ഗ്രീൻബെൽറ്റ് സ്ഥാപിക്കേണ്ടതാണെന്ന് സമിതിക്ക് ബോദ്ധ്യമായി.

30. ശുദ്ധജല തടാകത്തിന്റെ ഏറ്റവും സമീപ പ്രദേശമായ പടിഞ്ഞാറേ കല്ലടയിലെ പാടശേഖരങ്ങളും താഴ്ന്ന പ്രദേശങ്ങളും ചെളിയെടുത്തും മണൽ ഖനനം നടത്തിയും 25 മീറ്ററിലധികം ആഴമുള്ള ഗർത്തങ്ങൾ സൃഷ്ടിച്ചിരിക്കുന്നതിനാൽ തടാകത്തിൽ നിന്നും നീർവാർച്ചയിലൂടെ ജലം ഈ ഗർത്തങ്ങളിലെത്തുന്നതിനുള്ള സാദ്ധ്യതയുണ്ടെന്ന് സമിതി കരുതുന്നു.

31. 2007 നവംബർ മാസാദ്യം ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ സെപ്റ്റിക് ടാങ്ക് ക്ലീൻ ചെയ്യുന്ന കരാറുകാർ ടൺ കണക്കിനു മനുഷ്യ വിസർജ്ജ്യം തള്ളിയ സംഭവമാണ് ഏറ്റവുമൊടുവിൽ ഈ ശുദ്ധജല തടാകവുമായി ബന്ധപ്പെട്ട് പൊതുജനശ്രദ്ധ പിടിച്ചു പറ്റിയ ശോചനീയമായ മലിനീകരണ പ്രശ്നം. കോളേജ് റോഡിൽ നിന്നും അമ്പലക്കടവ് വഴി തടാകത്തിലേക്ക് ഒഴുകിയ നിലയിലാണ് മാലിന്യം കാണപ്പെട്ടത്. തലയിണക്കാവ് ക്ഷേത്രത്തിനു സമീപം, പള്ളിശ്ശേരിക്കൽ, പി.ഡബ്ള്യു.ഡി. റെസ്റ്റ് ഹൗസ്, പോലീസ് സ്റ്റേഷന് സമീപം എന്നിവിടങ്ങളിലും ചെറിയതോതിൽ മനുഷ്യവിസർജ്ജ്യം തള്ളിയതായി കാണപ്പെട്ടു. പരിശുദ്ധമായി പരിരക്ഷിക്കപ്പെടേണ്ട ഒരു കുടിവെള്ള സ്രോതസ്സിനെ മലിനീകരിക്കുന്നതിൽ സാമൂഹ്യവിരുദ്ധരുടെ ഭാഗത്തുനിന്നുണ്ടായ പൈശാചികവും തീർത്തും പ്രതിഷേധാർഹവുമായ നടപടിയിലും, തടാകസംരക്ഷണത്തിന് പ്രതിജ്ഞാബദ്ധരായ ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനത്തിലും സമിതിക്ക് കടുത്ത അതൃപ്തിയാണുള്ളത്.

32. വ്യത്യസ്തങ്ങളായ അനേകം ഇനത്തിൽപ്പെടുന്ന മത്സ്യങ്ങളും പക്ഷികളും അപൂർവ്വ ഇനം മറ്റ് ജീവികളുമടങ്ങുന്ന ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെയും പരിസര പ്രദേശങ്ങളുടേയും നിലനിൽപ്പും സംരക്ഷണവും വളരെ പ്രാധാന്യമർഹിക്കുന്നു. അതിനായി സമിതി ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

(1) നീർത്തട സംരക്ഷണത്തിനായി സർക്കാർ ഇതുവരെയായി കോടിക്കണക്കിനു രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ നീർത്തടങ്ങൾ അവയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയെന്നു പറയുന്ന തുകയ്ക്കനുസൃതമായ പുരോഗതിയോ വികസനമോ കൈവരിച്ചതായി കാണുന്നില്ല. നീർത്തടങ്ങളുടെ നശീകരണവും മലിനീകരണവും



ഇപ്പോഴും നിർബാധം തുടരുന്ന അവസ്ഥാവിശേഷമാണുള്ളത്. ആയതിനാൽ, കേരളത്തിലെ നീർത്തടങ്ങളുടെ സംരക്ഷണ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച് ആഡിറ്റ് നടത്തണമെന്നും പ്രസ്തുത തുക ചെലവഴിച്ചതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(2) ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രത്യേക വകുപ്പോ സംവിധാനമോ ഇല്ലാത്തതിനാൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഏകീകരണം സാദ്ധ്യമാകുന്നില്ല. ആയതിനാൽ ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ പ്രദേശത്തെ പരിസ്ഥിതി പ്രവർത്തകർ കൂടി അംഗങ്ങളായുള്ള സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു സ്ഥിരം സമിതി രൂപീകരിക്കണമെന്നും ഈ വിദഗ്ദ്ധ സമിതി കേന്ദ്രഗവൺമെന്റിന്റേയും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ തടാകസംരക്ഷണ പദ്ധതികൾ ഏകോപിപ്പിച്ചു നടപ്പാക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ തൊട്ടടുത്തു കിടക്കുന്ന താഴ്ന്ന പ്രദേശമായ പടിഞ്ഞാറെകല്ലടയിലെ ചെളിയൂറ്റും മണൽ ഖനനവും തടാകത്തിന്റെ നിലനില്പിനെ അതീവ ഗുരുതരമായാണ് ബാധിക്കുന്നത്. ഇവിടുത്തെ വിശാലമായ നെൽപ്പാടങ്ങൾ മണൽ ഖനനംമൂലം തറ നിരപ്പിൽനിന്ന് 25 മീറ്ററിലധികം താഴ്ചയുള്ള വെള്ളക്കെട്ടുകളായി മാറിയിട്ടുള്ളത് നേരിട്ടുകണ്ട സമിതി, ഈ പ്രക്രിയ ഇനിയും തുടർന്നാൽ വളരെ അപകടകരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഈ പ്രദേശത്ത് സംജാതമാകാനിടയാകുമെന്നും. ആയതിനാൽ, പടിഞ്ഞാറെ കല്ലടയിൽ മണലൂറ്റ് പൂർണ്ണമായും നിരോധിക്കണമെന്നും. തടാകത്തിന്റെ നിലനിൽപ് കണക്കിലെടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് ഭൂവിനിയോഗം പൂർണ്ണമായും നിയമ വിധേയമാക്കണമെന്നും ഇതു പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു.

(4) ശാസ്താംകോട്ട ശുദ്ധജല തടാകത്തിലേക്കു സമീപസ്ഥ ഭൂവുടമകൾ അനധികൃതമായ കയ്യേറ്റം നടത്തുന്നത് അടുത്തകാലത്തായി വർദ്ധിച്ചിട്ടുണ്ട്. തടാകവും തീരപ്രദേശങ്ങളും അളന്ന് തിട്ടപ്പെടുത്തി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും തടാകത്തിന്റെ നഷ്ടപ്പെട്ട വിസ്തൃതി വീണ്ടെടുക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(5) കൊല്ലം ജില്ലയിലെ എല്ലാ താലൂക്കുകളിലും മണൽ ഖനനം സംബന്ധിച്ച പ്രശ്നങ്ങൾ നിലവിലുള്ളതിനാൽ, അനധികൃത മണലൂറ്റ്/മണൽ ഖനനം പൂർണ്ണമായി നിരോധിക്കുന്നതിനും ജില്ലാ കളക്ടറും എസ്.പി.യും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോജിച്ച് ഇരുപത്തിനാല് മണിക്കൂർ സേവനം

ലഭ്യമാക്കുമെന്നുറപ്പുവരുത്തണമെന്നും നിലവിലുള്ള സ്ക്വാഡിന്റെ നേതൃത്വം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അധികാരമുള്ള ഒരു ഉദ്യോഗസ്ഥൻ ഏറ്റെടുത്തു പ്രവർത്തിക്കുകയും ചെക്ക് പോസ്റ്റുകൾ ശക്തമാക്കുകയും ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(6) ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നത് വളരെ ഗൗരവതരമായ കുറ്റകൃത്യമായി കണക്കാക്കി അത്തരം സാമൂഹ്യദ്രോഹപരമായ പ്രവർത്തികൾ ചെയ്യുന്നവർക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും തടാകങ്ങളും നദികളും പുഴകളും കായലുകളുമുള്ള കേരളത്തിലെ പ്രദേശങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവയുടെ മലിനീകരണം ഫലപ്രദമായി തടയുന്നതിനുവേണ്ട നിയമനിർമ്മാണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(7) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നിയമവിരുദ്ധമായി ഖനനം നടത്തുന്ന മാഫിയകളെ നിയന്ത്രിക്കുന്നതിന് പര്യാപതമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റിവർ പ്രൊട്ടക്ഷൻ ആക്ടും ലാന്റ് യൂട്ടിലൈസേഷൻ ആക്ടും കാലോചിതമായി പരിഷ്കരിച്ച് കാര്യക്ഷമമായി നടപ്പാക്കണമെന്നും ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം മുൻനിർത്തി കല്ലടയാർ ഉൾപ്പെടെ കുന്നത്തൂർ താലൂക്കിലെ മണൽ ഖനനം പൂർണ്ണമായി നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഏതൊക്കെ നിയമങ്ങൾ ഉണ്ടോ അവയൊക്കെ ഉപയോഗിച്ച് മണൽ ഖനനം തടയണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(8) തടാകത്തിന്റെ തിട്ടകൾ കുത്തനെയുള്ള ചരിവുതലങ്ങളായതിനാൽ സ്വാഭാവികമായും മണ്ണിടിച്ചിലും മണ്ണൊലിപ്പും രൂക്ഷമാകുന്നതിനുള്ള സാദ്ധ്യത വളരെകൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പ്രദേശങ്ങളിലെ മണ്ണിളക്കിയുള്ള കൃഷി തടാകത്തെ വളരെ ദോഷകരമായി ബാധിക്കാനിടയുള്ളതിനാൽ തടാകതീരത്ത് 50 മീറ്റർ ചുറ്റളവിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ മുള, ഈറ, കൈത തുടങ്ങി മണ്ണിനെ ഉറപ്പിച്ചു നിറുത്തുന്ന തരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിച്ച് ഒരു ഗ്രീൻ ബൽറ്റ് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, പ്രസ്തുത ഗ്രീൻ ബൽറ്റിന്റെ സംരക്ഷണം ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(9) സമീപപ്രദേശങ്ങളിൽ നിന്നും മഴക്കാലത്തുണ്ടാകുന്ന അതിരൂക്ഷമായ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി സമീപസ്ഥ പുരയിടങ്ങളിൽ കുളങ്ങളും നീർത്തടങ്ങളും ഉണ്ടാക്കി തടാകതീരത്തെ പുരയിടങ്ങളിലെ കൃഷിക്ക് ആവശ്യമായ ജലം ശേഖരിക്കുന്നതിനും കാലികളെ കുളിപ്പിക്കുന്നതിനും മറ്റും പ്രയോജനപ്പെടുത്തണമെന്നും അതുവഴി വലിയൊരളവ് മാലിന്യങ്ങൾ തടാകത്തിലെത്തുന്നത് തടയുന്നതിന് സഹായമാകുമെന്നും സമിതി മനസ്സിലാക്കുന്നു. തടാകത്തിലെ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായിക്കുന്ന ഇത്തരം കുളങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട പ്രോൽസാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.



(10) തടാകതീരത്ത് അധിവസിക്കുന്ന കുടുംബങ്ങളിൽ വലിയൊരു വിഭാഗത്തിന് ഇപ്പോഴും സാനിട്ടേഷൻ സൗകര്യം ഇല്ലാത്തതിനാൽ അത്തരം മലിനീകരണം തടയുന്നതിനും അവർക്ക് നിശ്ചിത സമയപരിധിക്കുളളിൽതന്നെ സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തടാകത്തിൽ കാലികളെ കുളിപ്പിക്കുക, ഓലകുതിർക്കുക, തടി കുതിർക്കുക തുടങ്ങിയ മലിനീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് കർശനമായി തടയണമെന്നും, തടാകം മലിനപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നിയമപരമായി ശിക്ഷിക്കുന്നതാണെന്ന് തടാകതീരങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(11) തടാകത്തിന് സമീപമുള്ള കൃഷിയിടങ്ങളിലെ കീടനാശിനിയുടെയും രാസവളത്തിന്റെയും അമിതമായ പ്രയോഗം നിരോധിക്കണമെന്നും പ്രദേശത്തെ കൃഷിഭവനുകൾ കൂട്ടായി ചർച്ചചെയ്തു തടാകത്തിന് മലിനീകരണം സംഭവിക്കാത്തതരത്തിലുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(12) ശാസ്താംകോട്ട തടാകത്തിൽ ഡിറ്റർജന്റുകളും സോപ്പും ഉപയോഗിക്കുന്നതിലൂടെ പ്രതിദിനം 30,35 കിലോഗ്രാമോളം വരുന്ന മാലിന്യം തടാകത്തിൽ കലരുന്നതായി കണക്കാക്കിയിട്ടുണ്ടെന്നും ഇത് നിയന്ത്രിക്കുന്നതിലേക്കായി പൊതുജനങ്ങൾക്ക് വസ്ത്രം അലക്കുന്നതിനും കുളിക്കുന്നതിനും മറ്റുമുള്ള പ്രത്യേക സംവിധാനങ്ങളും കംഫർട്ട് സ്റ്റേഷനുകളും നിർമ്മിച്ചു കൊടുക്കണമെന്നും അവിടെ നിന്നുള്ള മലിനജലം തടാകത്തിലെത്താതെ നിയന്ത്രിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(13) തടാകത്തിലെ ചില ഭാഗങ്ങളിൽ ചെളി അടിയുന്നത് സംബന്ധിച്ച പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ചെളി അടിയുന്ന ഭാഗത്ത് നിന്ന് അത് നീക്കം ചെയ്യുന്നത് സംബന്ധിച്ച് വിദഗ്ദ്ധരിൽ നിന്നും അഭിപ്രായം ആരായുകയും തടാകത്തിന്റെ തനത് സന്തുലിതാവസ്ഥയ്ക്ക് വിഘാതമുണ്ടാക്കാത്തവിധം തടാകത്തിൽനിന്ന് ചെളി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും വേണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(14) തടാകത്തിലെ ചില ഭാഗങ്ങളിൽ നത്തക്ക എന്ന ചെറുജല ജീവി കൂട്ടമായി ചത്തുപൊങ്ങി പാരിസ്ഥിതിക പ്രശ്നം സൃഷ്ടിച്ചതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരത്തിൽ ജല ജീവികൾ ചത്തു പൊങ്ങുന്നത് തടാകജലത്തിനുണ്ടാകുന്ന രാസവ്യതിയാനത്തിന്റെ ഫലമാണോ എന്ന് ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(15) തടാകത്തിനുസമീപത്തുള്ള പമ്പ് ഹൗസിൽ നിന്നും മലിനജലം തടാകത്തിലേക്ക് തന്നെ തുറന്നുവിടുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത് വീണ്ടും പമ്പ് ഹൗസിലേക്കുതന്നെ എത്തിച്ച് ട്രീറ്റ്മെന്റ് നടത്തുന്നതിനുള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

(16) കൂടുതൽ പാരിസ്ഥിതികാഘാതങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി ശാസ്താംകോട്ട തടാകത്തിന് സമീപത്തു നടത്തുന്ന വെട്ടുകൽ ഖനനം നിയന്ത്രണ വിധേയമാക്കണമെന്നും ഈ പ്രദേശത്ത് നിന്ന് വ്യാപകമായി കുന്നുകൾ ഇടിച്ചുനിരത്തുന്നത് നിരോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(17) ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സമീപപ ഞ്ചായത്തുകളിലെ വീടുകളിലെയും പൊതുസ്ഥാപനങ്ങളിലെയും മാർക്കറ്റുകളിലെയും ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റ് ഗവൺമെന്റിന്റെയും ക്ലീൻകേരളമിഷന്റേയും സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി സ്ഥാപിക്കുന്നത് ഈ തടാകത്തിന്റെ പരിശുദ്ധി നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
ജൂലായ് 21, 2008.

രാജാജി മാത്യു തോമസ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*